'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.പി. മുഹമ്മദ് ഷഫീഖ് സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.375/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/02/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 20.04.2012 -ലെ ഡി1/3227/10 നമ്പർ നടപടിക്രമങ്ങൾ

2 ശ്രീ. കെ.പി. മുഹമ്മദ് ഷഫീഖ് സമർപ്പിച്ച 30.11.2019-ലെ അപ്പീൽ അപേക്ഷ

**<u>ഉത്തരവ്</u>**

ശ്രീ. കെ.പി. മുഹമ്മദ് ഷഫീഖ് തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ടിയാനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ് പരാമർശം (1) നടപടിക്രമങ്ങൾ പ്രകാരം തീർപ്പാക്കിയിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. കെ.പി. മുഹമ്മദ് ഷഫീഖ് പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടർ ചുമത്തിയത് കഠിന ശിക്ഷയാണെന്നും ആയത് ചുമത്തുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് അധികാരമില്ലെന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ലഭ്യമായാൽ മാത്രമേ ഉത്തരവ് പുറപ്പെടുവിക്കുവാൻ കഴിയുകയുള്ളുവെന്നും ആയതിനാൽ തടഞ്ഞു വച്ച ശമ്പളവും മറ്റും പുനഃസ്ഥാപിച്ച് നൽകണമെന്നും ടിയാൻ അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. കെ.പി. മുഹമ്മദ് ഷഫീഖിന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞു തീർപ്പാക്കിയ നടപടി കഠിന ശിക്ഷയല്ല. ആയതിനാൽ പ്രസ്തുത നടപടിക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആവശ്യമില്ല. മാത്രമല്ല, ഉത്തരവ് കൈപ്പറ്റി 2 മാസത്തിനുള്ളിൽ അപ്പീൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ 25.04.2012-ലെ ഉത്തരവിനെതിരെ ശ്രീ. മുഹമ്മദ് ഷഫീഖ് അപ്പീൽ അപേക്ഷ സമർ പ്പിച്ചിരിക്കുന്നത് 2019-ൽ മാത്രമാണ്. മേൽ സാഹചര്യത്തിൽ ശ്രീ. കെ.പി. മുഹമ്മദ് ഷഫീഖ് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

2. ശ്രീ. കെ.പി. മുഹമ്മദ് ഷഫീഖ്, മുൻ സെക്രട്ടറി, തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/396/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ